പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 4 08.06.2015 -ൽ മറുപടിയ്ക്ക്

## അനധികൃത മദ്യ ഉപഭോഗം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. ജി. സുധാകരൻ<br>ഡോ. കെ. ടി. ജലീൽ<br>ശ്രീമതി. പി. അയിഷാപോറ്റി | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | അനധികൃത മദ്യം വിപണനം ചെയ്യപ്പെടുന്നതും ഉപയോഗിക്കപ്പെടുന്നതും കുടുംബ ബാറുകളുടെ എണ്ണം വർദ്ധിക്കുന്നതുമായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അനധികൃത മദ്യവിപണനം ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ കർശന നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | കാറുകളിലും ആട്ടോറിക്ഷകളിലുമായെത്തി പൊതുസ്ഥലങ്ങളിൽ കൂട്ടമായി മദ്യം കഴിക്കുന്ന സ്ഥിതിവിശേഷം സംജാതമായിട്ടുള്ളതായി അറിയാമോ; അവർക്ക് ഏത് സ്രോതസ്സുകളിലൂടെയാണ് മദ്യം ലഭിച്ചുവരുന്നതെന്ന് പരിശോധിക്കാമോ; | (ബി) | കാറുകളിലും ആട്ടോറിക്ഷകളിലുമായെത്തി പൊതുസ്ഥലങ്ങളിൽ കൂട്ടമായി മദ്യം കഴിക്കുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ പൊതുസ്ഥലങ്ങളിൽ മദ്യംകഴിക്കുന്നത് ശ്രദ്ധയിൽപ്പെടുമ്പോൾ അതിനെതിരെ കർശന നടപടി സ്വീകരിച്ച് കേസുകൾ രജിസ്റ്റർ ചെയ്ത് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | മദ്യ ഉപഭോഗം സംബന്ധിച്ച കണക്കെടുപ്പുകളിൽ സെക്കൻസും കള്ളവാറ്റും മുഖേന അനധികൃതമായി ലഭിക്കുന്ന മദ്യത്തിന്റെ ഉപഭോഗം സംബന്ധിച്ച് കണക്കെടുക്കാറുണ്ടോ; | (സി) | ഇല്ല. എന്നാൽ അവയുമായി ബന്ധപ്പെട്ട കേസുകളുടെ കണക്കെടുക്കാറുണ്ട്. |
| (ഡി) | സ്പിരിറ്റ്, കള്ളവാറ്റ്, സെക്കൻസ് തുടങ്ങിയവ സംസ്ഥാനത്ത് നിയന്ത്രിക്കുന്നതിനുള്ള സംവിധാനം ശക്തിപ്പെടുത്തുമോ? | (ഡി) | സ്പിരിറ്റ്, കള്ളവാറ്റ്, സെക്കൻസ് തുടങ്ങിയവയുടെ വ്യാപനം തടയുന്നതിന് എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനം നടത്തി വരുന്നുണ്ട്. ആയതിന്റെ ഭാഗമായി 24 മണിക്കൂറും കൺട്രോൾ റൂം പ്രവർത്തിച്ച വരുന്നു. ഇത്തരം കൺട്രോൾ റൂമിൽ കിട്ടുന്ന പരാതികൾ ഉടനടി പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ച വരുന്നു. ചെക്ക്പോസ്റ്റുകളിൽ കർശന വാഹന പരിശോധന നടത്തുന്നതു കൂടാതെ രാത്രികാല വാഹന പരിശോധന, കോംബിംഗ് തുടങ്ങിയവ നടത്തി വരുന്നുണ്ട്. അതോടൊപ്പം ഏത് അടിയന്തിരസാഹചര്യവും നേരി |

| | | | |
|---|---|---|---|
| | | | ടുന്നതിനായി സ്ട്രൈക്കിംഗ് ഫോഴ്സുകളും, എൻഫോഴ്സ്മെന്റിന്റെ ഭാഗമായി പ്രവർത്തിക്കുന്നുണ്ട്. വ്യാജമദ്യത്തിന്റെ വിപണനം തടയാൻ 'റെഡ് അലർട്ട്' പ്രഖ്യാപിച്ച് വ്യാപകമായ പരിശോധന നടത്തുന്നുണ്ട്. കൂടാതെ വ്യാജമദ്യത്തിന്റെയും മയക്കുമരുന്നിന്റെയും വ്യാപനത്തിനെതിരെ 'മൂൺഷൈൻ' എന്ന പേരിൽ പുതിയ കർമ്മപദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. വരുന്ന ഓണക്കാലത്ത് അയൽ സംസ്ഥാനങ്ങളിൽ നിന്നും നമ്മുടെ സംസ്ഥാനത്തേക്ക് വ്യാജമദ്യത്തിന്റെയും സ്പിരിറ്റിന്റെയും കള്ളക്കടത്ത് തടയുന്നതിന് ചെക്ക് പോസ്റ്റുകളിലെ പരിശോധനയും കംബൈയ്ൻഡ് ബോർഡർ പട്രോളിംഗ് ശക്തമാക്കുന്നതിനും, സ്ഥിരം കുറ്റവാളികളുടെ വിവരങ്ങൾ പരസ്പരം കൈമാറുന്നതിനും നടപടികൾ സ്വീകരിക്കുന്നതിന്റെ |

| | | | |
|---|---|---|---|
| | | | ഭാഗമായി കർണ്ണാടക, തമിഴ്നാട് സംസ്ഥാനങ്ങളിലെ ഉന്നത എക്സൈസ് ഉദ്യോഗസ്ഥരുമായി വിഷയം ചർച്ച ചെയ്യുന്നതിന് സംസ്ഥാന എക്സൈസ് കമ്മീഷണർ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ